**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1351** **27-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗത്വവും, പെൻഷന് യോഗ്യതയുമുള്ള ക്ഷീര കർഷകർക്ക് 1600/- രൂപ നിരക്കിൽ പ്രതിമാസ പെൻഷനും, 550/- രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകി വരുന്നു. കൂടാതെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മികച്ച ക്ഷീരകർഷകർക്ക് ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ക്യാഷ് അവാർഡ്, ക്ഷീര സുരക്ഷാ പദ്ധതി പ്രകാരം അപകട മരണത്തിനുള്ള ധനസഹായം, ചികിത്സാ ധനസഹായം എന്നിവയും ക്ഷേമനിധി മുഖാന്തരം നൽകി വരുന്നു. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകി വരുന്നു. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലി തൊഴുത്ത് നിർമ്മാണം / നവീകരണം തുടങ്ങിയവയും നൽകി വരുന്നു. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽ നിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാലവർഷക്കെടുതിയും മറ്റ് ദുരന്തങ്ങളും മൂലം കന്നുകാലികളെ നഷ്ടപ്പെടുന്നവർക്കും കാലിത്തൊഴുത്തിന് നാശനഷ്ടം സംഭവിച്ചവർക്കും കണ്ടിജൻസി ഫണ്ടിൽ നിന്നും അടിയന്തിര ധനസഹായം നൽകി വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | കോവിഡ്-19 രോഗബാധിതരായ ക്ഷേമനിധി അംഗങ്ങൾക്കും, നിരീക്ഷണ ത്തിൽ കഴിയുന്നവർക്കും ക്ഷേമനിധി മുഖാന്തരം ധനസഹായം നൽകി വരുന്നു. |
| (ബി) | ക്ഷീരകർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് മറ്റ് സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതികളിൽ ചേരുന്നതിന് തടസ്സമുണ്ടോ; | (ബി) | ഇല്ല. എന്നാൽ 06.11.2017-ലെ സ.ഉ. (കൈ) നം. 483/2017/ധന ഉത്തരവ് പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷനോ, സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒരു പെൻഷൻ മാത്രമേ ഒരു വ്യക്തിക്ക് ലഭിക്കുകയുള്ളൂ. |
| (സി) | ക്ഷീരകർഷകരുടെ നിലവിലുള്ള പെൻഷൻ സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ അപാകതകൾ ഒന്നും ഇല്ല. |

സെക്ഷൻ ഓഫീസർ